പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5060 — 30.06.2014-ൽ മറുപടിക്ക്.

# കമ്പ്യൂട്ടർ അധിഷ്ഠിത ഡിജിറ്റൈസ്ഡ് സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഡിജിറ്റൈസ്ഡ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | : (എ) സംസ്ഥാനത്ത് ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം (CCTNS) എന്ന കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഇ- ഗവേൺസ് മിഷൻ മോഡ് പ്രോജക്ട് ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, എറണാകുളം റൂറൽ, മലപ്പുറം, വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ 7 ജില്ലകളിലെ 172 പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് ജില്ലകളിൽ ഉടൻ തന്നെ പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | : (ബി) രാജ്യത്തെ 14000 ൽ പരം പോലീസ് സ്റ്റേഷനുകളെയും, 6000 ൽ പരം മറ്റ് ഇതര പോലീസ് ഓഫീസുകളെയും സംസ്ഥാന തലത്തിലുള്ള ഡാറ്റാസെന്റർ, ദേശീയ ഡാറ്റാ സെന്റർ എന്നിവ വഴി ബന്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് CCTNS. കേരളത്തിന്റെ ഡാറ്റാസെന്റർ തിരുവനന്തപുരം ടെക്നോപാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്. പോലീസിന്റെ സേവനങ്ങൾ കൃത്യതയിലും വേഗത്തിലും ജനങ്ങൾക്ക് പ്രാപ്തമാകും. ഓൺ ലൈൻ വഴി പരാതി സമർപ്പിക്കുന്നതിനും എഫ്.ഐ.ആർ വിവരങ്ങൾ, കേസുകളുടെ തൽസ്ഥിതി, വിചാരണ എന്നിവ അറിയുന്നതിന് സാധിക്കും. കാണാതായ വ്യക്തികൾ, മോഷണം പോയ വസ്തുക്കൾ, വാഹനങ്ങൾ, ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുന്ന വസ്തുക്കൾ, മൃതദേഹങ്ങൾ എന്നിവയുടെ വിവരങ്ങൾ |

ഓൺലൈനിൽ ലഭിക്കും. പൊതു ജനങ്ങൾക്ക് പോലീസിന് രഹസ്യ വിവരങ്ങൾ നൽകുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും. പോലീസ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കേണ്ടതായ അനുമതികൾക്ക് ഓൺലൈൻ സൗകര്യം (സമ്മേളനങ്ങൾ, കലാപ്രകടനങ്ങൾ, സമരങ്ങൾ, ജാഥകൾ, പ്രചാരണ പരിപാടികൾ തുടങ്ങിയവ) ലഭിയ്ക്കും. എസ്.എം.എസ് ഇ-മെയിൽ എന്നിവയിലൂടെ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുവാൻ കഴിയും.

| | |
|---|---|
| (സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | : (സി) കുറ്റവാളികളെയും കുറ്റകൃത്യങ്ങളെയും കുറിച്ചുള്ള വിവര ശേഖരണത്തിനും കൈമാറ്റത്തിനും കേന്ദ്രീകൃതമായ സൗകര്യം ഉണ്ടാക്കുന്നതുവഴി കുറ്റാന്വേഷണത്തിന് ഫലപ്രദമായ ഒരു ഉപകരണമായി പ്രവർത്തിക്കുവാനും ഇതിലൂടെ ഫോട്ടോ, വിരലടയാളം എന്നിവയുടെ വിശകലനത്തിന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതു വഴി വളരെവേഗം കൃത്യതയോടെ കുറ്റവാളികളെ കണ്ടെത്തുന്നതിനും സഹായിക്കും. |
| (ഡി) എത്ര പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്; | : (ഡി) പ്രസ്തുത സംവിധാനം 172 പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിച്ചു വരുന്നു. |
| (ഇ) എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | : (ഇ) കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും മറ്റ് ഇതര പോലീസ് ഓഫീസുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ